# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 1888 — 19-06-2012-ൽ മറുപടിക്ക്

## വാർഷിക വൈദ്യുതി നിരക്കു വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്.<br>ശ്രീ. കോവൂർ കുഞ്ഞുമോൻ. | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാനത്ത് ഓരോ വർഷവും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന് കെ. എസ്.ഇ.ബി. വൈദ്യുതി റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) ഇലക്ട്രിസിറ്റി ആക്റ്റ് 2003-നും അതിനനുസരിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച വിവിധ ചട്ടങ്ങൾക്കും അനുസൃതമായി സംസ്ഥാന വൈദ്യുതി ബോർഡിൻെറ ഓരോ വർഷത്തെയും വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇപ്രകാരം വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് വരുമാന കമ്മിയുണ്ടെന്ന് കണ്ടാൽ അത് നികത്താനുള്ള നിർദ്ദേശങ്ങൾ ലൈസൻസികൾ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുവാൻ 2003 ലെ താരിഫ് റഗുലേഷൻസ് അനുശാസിക്കുന്നുണ്ട്. ഇപ്രകാരം ഓരോ വർഷത്തെയും വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് കമ്മീഷൻ അംഗീകരിച്ച റവന്യു കമ്മിയും കമ്മി നികത്താനുള്ള കമ്മീഷൻെറ നിർദ്ദേശങ്ങളും, വൈദ്യുതി ബോർഡിൻെറ സാമ്പത്തിക സ്ഥിതിവും പരിഗണിച്ച് സംസ്ഥാന വൈദ്യുതി ബോർഡിന് വരുമാന കമ്മി നികത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കമ്മീഷൻ |

| | | | |
|---|---|---|---|
| | | | മുമ്പാകെ സമർപ്പിക്കേണ്ടതുണ്ട്. 2012-13 വർഷത്തേക്കുള്ള വരുമാന കമ്മി നികത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഓരോ വർഷവും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന് ബോർഡ്, റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇങ്ങനെ ആവശ്യപ്പെടാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ബാധകമല്ല. |
| (സി) | കെ.എസ്.ഇ.ബി.യുടെ ഈ നിലപാടിനോടുള്ള സർക്കാർ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ | | |

സെക്ഷൻ ഓഫീസർ.